മിസ്റ്റർ പി. മാണി: മരുന്നുണ്ടാക്കുന്നതിനുള്ള ഏർപ്പാടും രോഗികൾക്കു കിടക്കുവാനുള്ള ബെഡ്ഡുകളും കൊടുക്കാമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. മാണി: അതില്ലാതെ ആശുപത്രിമാത്രം കൊടുത്തതുകൊണ്ടു പ്രയോജനമില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: എത്ര ഉദ്യോഗസ്ഥരാണ് ഒരു ഡിസ്പെൻസറിക്കു കൊടുക്കുന്നത്.

മിസ്റ്റർ പറമ്പി ലോനപ്പൻ: ഡ സ്സ ം ഉദ്യോഗസ്ഥരെയാണു കൊടുക്കുന്നുണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ആയുർവ്വേദാശുപത്രികളിലെല്ലാം മരുന്നുകൾ സമൃദ്ധിയായിട്ട് ഉണ്ടാക്കിവരുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടാക്കാവുണ്ട്.

മിസ്റ്റർ എ. ഈച്ചരമേനോൻ: നല്ലേപ്പിള്ളി ആശുപത്രിക്ക് ഡ സ്സ ം ഉദ്യോഗസ്ഥർക്കുള്ള മരുന്നു കൊടുക്കാവുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: കൊടുക്കുന്നുണ്ടെന്നാണു വിശ്വാസം.

മിസ്റ്റർ എ. ഈച്ചരമേനോൻ: അവിടെ വൈദ്യൻ മാത്രമേയുള്ളു.

CHENNAMANGALAM—DISPENSARIES IN THE AREA

131. മിസ്റ്റർ എം. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം വില്ലേജിലെ ജനസംഖ്യ എത്ര?

(ബി) ചേന്ദമംഗലം പഞ്ചായത്തുത്തിക്കുള്ളിൽ എത്ര ഗവൺമെണ്ടു് ഡിസ്പെൻസറികളുണ്ടു്;

(സി) ഈ പഞ്ചായത്തുത്തിക്കുള്ളിൽ ഒരു ഡിസ്പെൻസറിയെങ്കിലും സ്ഥാപിച്ചു തരണമെന്നു നിവേദനം ഗവൺമെണ്ടിനു കിട്ടിയിട്ടില്ലേ; അതിന്മേൽ ഗവൺമെണ്ടു എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ക ഠ, ൫൫ സ.

(ബി) ഒരു ഗ്രാൻഡ് ഇൻ എയിഡഡ് അലോപ്പതിക്കു ഡിസ്പെൻസറി ഉണ്ടു്.

(സി) സ്ഥലത്തെ നായർ സമാജം പാസ്സാക്കിയ ഒരു പ്രമേയം ക ൻ ര ക-ൽ ഗവൺമെണ്ടിന്റെ ആലോചനക്കു വരികയും അതു റിക്കാർഡ് ചെയ്യുകയും ഉണ്ടായിട്ടുണ്ടു്. അതിനുശേഷം നിവേദനങ്ങൾ ഒന്നും ഗവൺമെണ്ടിനു ലഭിച്ചിട്ടില്ല.

മിസ്റ്റർ എം. കെ. വറുഗീസ്: അവിടെ ഒരു ഡിസ്പെൻസറി വേണ്ടതാണെന്നു ഗവൺമെണ്ടിനഭിപ്രായമുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെ ഇപ്പോൾ ഒരു അലോപ്പതിക് ഡിസ്പെൻസറി ഉണ്ടു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ആ ഡിസ്പെൻസറിയിലേക്കു കൊല്ലത്തിൽ എത്ര സംഖ്യവീതം സഹായം ചെയ്യുന്നുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ന ഠ ക. യാണു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അതു ഡാക്ടക്ടർക്കും മരുന്നിനും കൂടിയല്ലേ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഡാക്ടർക്കു മാത്രം ശമ്പളമായി എത്ര ഉദ്യോഗസ്ഥരെ കൊടുക്കുന്നുണ്ടു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ന ഠ ക. യാണെന്നു തോന്നുന്നു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ഡ ഠ ക. മാത്രമാണോ മരുന്നിനു് ചിലവാകുന്നതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: ബാക്കിയുള്ളതു മരുന്നിനും.

മിസ്റ്റർ പി. എ. മുഹമ്മദ് അബ്ദുറോഫ്: പ്രമേയം റിക്കാർഡാക്കിയതല്ലാതെ വേണമെന്നോ വേണ്ടെന്നോ തീർച്ചയാക്കീട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പി ലോനപ്പൻ: വേണമെന്നോ വേണ്ടെന്നോ തീച്ച്യാക്കീട്ടില്ല. വേണമെന്നുണ്ടെങ്കിൽ ഉടനെ തീച്ച്യാക്കും.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റോഫ്: ക്വസ്റ്റ്യൻ-ൽ ആലോചനക്കുവന്നതു് ക്വസ്റ്റ്യൻ 8 ആയിട്ടും ഇതുവരെ അതിനെപ്പറ്റി അനേഷിച്ചിട്ടില്ലേ? നാലരക്കൊല്ലത്തോളമായിട്ടും വേണമെന്നോ വേണ്ടെന്നോ തീച്ച്യാക്കുവാൻ സാധിച്ചിട്ടില്ലെന്നാണോ പറയുന്നതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത്ര അത്യാവശ്യമാണെങ്കിൽ വല്ല ഹർജികളോ അപേക്ഷകളോ വരുമായിരുന്നു.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: നിവേദനമില്ലാത്തതുകൊണ്ടാണോ ഡിസ്സെൻസറി ആവശ്യമില്ലെന്നു തീച്ച്യാക്കിയതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഒന്നും തീച്ച്യാക്കീട്ടില്ല. അത്യാവശ്യമുള്ളതാണെന്നു പിന്നീട് ഹർജികളോ നിവേദനങ്ങളൊ ഉണ്ടായിട്ടില്ലാത്തതുകൊണ്ടു് അതു റിക്കാർഡുചെയ്തിട്ടുള്ളതാണു്.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: അതു് ഏറ്റവും അത്യാവശ്യമാണെന്നു് നിവേദനം ചെയ്താൽ അനുവദിച്ചുകൊടുക്കുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അത്യാവശ്യമാണെന്നു ബോദ്ധ്യമായാൽ കൊടുക്കാം.

മിസ്റ്റർ പി. വി. സബാസ്റ്റ്യൻ: ചേന്ദമംഗലത്തുള്ള ഡാക്ടർ പറവൂക്കു പോയി ചികിത്സ നടത്താമല്ലോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഏറ്റവും അത്യാവശ്യമാണെന്നുകണ്ടാൽ പോയി ചികിത്സ നടത്തുവാൻ വഴിയുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ഏതെങ്കിലും ഒരു അപേക്ഷ ഗവമ്മെണ്ടു മുമ്പാകെ വന്നാൽ അതനുസരിച്ചു് വേണ്ട പ്രവൃത്തികൾ നടത്തുന്നതിനുമുമ്പായിട്ടു് വേറെ എത്ര അപേക്ഷകളും നിവേദനങ്ങളും വരണം?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനു മറുപടി പറയുവാൻ പ്രയാസമാണു്.

മിസ്റ്റർ എം. ഐ. പോൾ: പിന്നീടു് ഹർജികളും നിവേദനങ്ങളും ഇല്ലെന്നു പറഞ്ഞു.

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ എം. ഐ. പോൾ: പിന്നീടും വേണമെന്നു നിർബ്ബന്ധമാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നിർബ്ബന്ധമില്ല.

മിസ്റ്റർ പി. നാരായണമേനോൻ: അതിന്മേൽ ഗവമ്മെണ്ടു എന്തു നടപടിയാണു് സ്വീകരിച്ചിട്ടുള്ളതു്. (സി. യിൽ) എന്നുള്ള ചോദ്യത്തിനു് നിവേദനങ്ങളും ഒന്നും ഗവമ്മെണ്ടിനു ലഭിച്ചിട്ടില്ല എന്നാണു് മറുപടി പറഞ്ഞിരിക്കുന്നതു്. ഇതു് എന്തു നടപടി നടത്തിയെന്നുള്ള ചോദ്യത്തിനു ശരിയായ സമാധാനമാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: റിക്കാർഡുചെയ്തുവെന്നുള്ളതാണു് അതിന്റെ സമാധാനം. അതിനുശേഷം നിവേദനങ്ങളൊന്നും കിട്ടീട്ടില്ല എന്നു കൂടുതലായി വേറെ ഒരു ഇൻഫർമേഷനുംകൂടി തരികയാണു്.

DISTRIBUTION OF YARN TO CERTAIN CO-OPERATIVE SOCIETIES

132. മിസ്റ്റർ കെ. എസ്സ്. പണിക്കർ:

(എ) കഴിഞ്ഞ മേടം, എടവം ഈ മാസങ്ങളിൽ എരവത്തൊടി, കുത്താമ്പിള്ളി, ഈ വീവിങ്ങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലേക്കു് എത്ര നൂലു വീതം കൊടുത്തിട്ടുണ്ടു്;

(ബി) എവിടെനിന്നാണു് ആ നൂല് കൊടുത്തതു്;

(സി) ആരുടെ പേരിലാണു ആ നൂലു ചിലവുചെയ്തു കാണുന്നതു്;

(ഡി) നൂലു വാങ്ങുന്നതിനു മറ്റു വീവിങ്ങ് ഇൻസ്റ്റിറ്റ്യൂഷൻസ് അപേക്ഷ കൊടുക്കാനുള്ള തരത്തിൽ അപേക്ഷ ഈ സംഗതികളിൽ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly